# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1042/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1042/2021 തീയ്യതി: 10/09/2021

## കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അഫ്സൽ.ടി.എം, ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വി.എം.കമലാക്ഷി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അബ്ദുറഹീം. കെ | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി | സെക്രട്ടറി | 17-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഒ.പി.രാധാകൃഷ്ണൻ | അസി. സെക്രട്ടറി | 01-04-2019 | 29-05-2019 |
| ശ്രീ. ഷാനവാസ്.ഇ | അസി. സെക്രട്ടറി | 30-05-2019 | 31-03-2020 |
| ശ്രീ. ശിവപ്രസാദ് | അസി. എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ. സരണ്യ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 30-10-2019 |
| ഡോ. നിഷ.ജെ.ഹരിദാസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-11-2019 | 31-03-2020 |
| ഡോ. അനൂപ്കൃഷ്ണൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2019 | 26-05-2019 |
| ഡോ. അഫ്സൽ.സി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 27-05-2019 | 31-03-2020 |
| ഡോ. ടി.കെ.മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. മുഹമ്മദ് റാഷിദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. എ.ജെ.ജോയ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. മനോജ്.പി.ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രസന്ന.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഹിത.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിന്ധു | വി.ഇ.ഒ. (പനങ്ങാട് സർക്കിൾ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ലിജേഷ്.കെ.രാജ് | വി.ഇ.ഒ. (തലയാട് സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീ. സത്യൻ.യു.എം | ഹെഡ് മാസ്റ്റർ | 01-04-2019 | 14-11-2019 |
| ശ്രീ. അബ്ദുൾ ബാരി | ഹെഡ് മാസ്റ്റർ | 15-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Shibin K S (Auditor, On 21-08-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 15-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 15-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-7 |
| 10 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Shibin K S (Auditor, On 16-08-2021) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Sathish Kumar K (Audit Officer (HG), On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-9 |
| 13 | തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല.<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-10 |
| 14 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-11 |
| 15 | വസ്തു നികുതി നിർണയത്തിലെ അപാകതകൾ പരിഹരിച്ചത്-പ്രശംസാർഹം<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-12 |
| 16 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shibin K S (Auditor, On 22-08-2021) | 1-13 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 09-09-2021) | |
| 17 | പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയത്-അപാകതകൾ<br>Written By: Afsal T.M (Auditor, On 18-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-14 |
| 18 | രശീത് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-15 |
| 19 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുമ്പോൾ, തനത് ഫണ്ട് ഉപയോഗിച്ചു റോഡ് പണി നടത്തുന്നു<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-16 |
| 20 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-17 |
| 21 | സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-18 |
| 22 | കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-19 |
| 23 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല:<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-20 |
| 24 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-21 |
| 25 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-22 |
| 26 | റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-23 |
| 27 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-24 |
| 28 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-25 |
| 29 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ | 1-26 |

| | | |
|---|---|---|
| | Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | |
| 30 | പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ ലഭ്യമായതിന്റെ വിവരമില്ല<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-27 |
| 31 | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-28 |
| 32 | ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-29 |
| 33 | 2019-20 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകതൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-30 |
| 34 | ഭിന്ന ശേഷി കുട്ടികളുടെ ഉല്ലാസയാത്ര-അനുകരണീയ മാതൃക<br>Written By: Afsal T.M (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-31 |
| | **ഭാഗം 2** | |
| 1 | പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയത്-അപാകതകൾ<br>Written By: Afsal T.M (Auditor, On 19-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 2-1 |
| | **ഭാഗം 3** | |
| 1 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 3-1 |
| 2 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ഛമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ഛമക്കാൻ അനുവദിച്ചു<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Shibin K S (Auditor, On 21-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Shibin K S (Auditor, On 16-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shibin K S (Auditor, On 16-08-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 09-09-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 16-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Shibin K S (Auditor, On 21-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 58,93,741 |
| വരവ് | 11,09,27,096 |
| ആകെ | 11,68,20,837 |
| ചെലവ് | 11,25,24,782 |
| നീക്കിയിരിപ്പ് | 42,96,005 |

പനങ്ങാട് ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31.01.2019 തീയതിയിലെ തീരുമാന നം. 3/19(2) യോഗത്തിൽ കരട് ബജറ്റ് അംഗീകരിച്ച് സമർപ്പിക്കാൻ തീരുമാനിക്കുകയും 12.02.2019-ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. 09.03.2020 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന നം. 30/20 പ്രകാരം 2019-20 വർഷത്തെ ബജറ്റ് റിവൈസ് ചെയ്യുന്നതിനും ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും തീരുമാനിച്ചു. 21.03.2020 ലെ ഭരണസമിതി തീരുമാന നം. 2(2) 2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 25.05.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷികകണക്ക് പരിശോധനയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1)

എ) വസ്തുനികുതി കണക്ക് കൃത്യമല്ല

| | ഡിമാന്റ്(കറന്റ്) | കളക്ഷൻ(മുൻകൂർ ക്രമീകരിച്ചതുൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 4185694 | 3775512 | 397655(യഥാർത്ഥ ബാലൻസ്-410182) |
| സഞ്ചയ പ്രകാരം | 4252988 | 3855610(ബുക്ക് അഡ്ജസ്റ്റ്മെന്റ്-133687 ഉൾപ്പെടെ) | 408999(യഥാർത്ഥ ബാലൻസ് 397378/-) |

മേൽ വ്യത്യാസത്തിന് വിശദീകരണവും ബുക്ക് അഡ്ജസ്റ്റ്മെന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

എ) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-18പ്രകാരം -(77261) രൂപ, +(11912) രൂപ എന്നിവ Prior Period Item ആയി ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

2)ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-18പ്രകാരം -(5850/-) രൂപ തൊഴിൽ നികുതിയിനത്തിൽ Prior Period Item ആയി ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

3) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ബി-3 ഷെഡ്യൂൾ തുക ബി-11 ,ബി11(എ) ഷെഡ്യൂകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല(ബി-3 #ബി- 11+ബി11(എ)). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരമുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

5) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ നൽകിയിട്ടില്ലെങ്കിലും ബി-11 ഷെഡ്യൂളിൽ അക്യുമിലേറ്റഡ് ഡിപ്രിസിയേഷൻ നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

6) ലൈഫ് പദ്ധതിക്കായി ലഭിച്ച ഹഡ്കോ ലോൺ തുകR&P -32 ൽ വരവ് വെക്കുകയോ R&P -45 -ൽ ചെലവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7)ബി-4 ഷെഡ്യൂളിൽ ഐ.സി.ഡി.എസ്,ടി.എസ്.സി,ടോട്ടൽ സാനിറ്റേഷൻ,ഗ്രാൻറ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി( വിമുക്തി,ഐ.സി.ഡി.എസ് കിണർ),ഉണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എസിആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

8)ഡെപ്പോസിറ്റ് ഇനത്തിലെ നീക്കിയിരുപ്പ് തുക കൃത്യമല്ല

വാർഷിക കണക്ക് പ്രകാരം

| മുൻബാക്കി | വരവ്(വാർഷിക കണക്ക് പ്രകാരം) | ആകെ | തിരിച്ച നൽകിയത് | നീക്കിബാക്കി(യഥാർത്ഥത്തിൽ വേണ്ടത്) | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|---|---|
| 1072833 | 680866 | 1753699 | 274604 | 1479095 | 1490806 |

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം

| മുൻബാക്കി | വരവ് | ആകെ | തിരിച്ച നൽകിയത്( മുതൽക്കൂട്ടിയ 10000/-അടക്കം) | നീക്കിബാക്കി |
|---|---|---|---|---|
| 1072833 | 705891 | 1778724 | 377918 | 1490806 |

ഡെപ്പോസിറ്റ് ഇനത്തിലെ വരവ്,തിരിച്ച നൽകിയത് ,നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച് വാർഷിക കണക്ക്,രജിസ്റ്റർ എന്നിവ തമ്മിലുള്ള പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കിയില്ല.

9)ബി-11(എ)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഷെഡ്യൂളിൽ 14,03,006/-രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

10)

എ) സർവ്വശിക്ഷഅഭിയാന്റെ പേരിലുള്ള പനങ്ങാട് സർവ്വീസ് സഹകരണബാങ്കിലെ 3698 നമ്പർ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള 73420/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം 2817/- രൂപ പലിശയിനത്തിലെ വരവല്ലാതെ വേറൊരു ഇടപാടും നടന്നിട്ടില്ല.

ബി) പൈക്ക-യുടെ പേരിലുള്ള എസ്.ബി.ഐ-ലുള്ള 67128342852ാം നമ്പർ അക്കൌണ്ടിൽ 307087/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം 9754/- രൂപ പലിശയിനത്തിലെ വരവല്ലാതെ വേറൊരു ഇടപാടും നടന്നിട്ടില്ല.

സി) എസ്.ബി.ഐ-ലുള്ള 5430ാം നമ്പർ പെൻഷൻ അക്കൌണ്ടിൽ 943/-രൂപ നീക്കിയിരുപ്പ് ഉണ്ട്. തൻവർഷം ഒരു ഇടപാടും നടന്നിട്ടില്ല.

11) ബി-18 ഷെഡ്യൂളിൽ 1,90000/- രൂപ പൊതുമരാമത്ത് വകുപ്പിനും 337011/- രൂപ കേരള വാട്ടർ അതോറിറ്റിക്കും മുൻകൂർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ 23.01.2019-ലെ എ- 2-2937/13 വിനിയോഗ സാക്ഷ്യ പത്രം പ്രകാരം നിർമല്ലൂർ വയോറമല കുടിവെള്ള പദ്ധതിക്കായി കേരള ജല അതോറിറ്റിക്ക് നൽകിയ 8925000/- രൂപയിൽ 8587989/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചതായും ബാക്കി 337011/- രൂപ പഞ്ചായത്തിന് തിരിച്ച നൽകാനുള്ളതായും കാണിച്ചിട്ടുണ്ട്. മുൻകൂർ രജിസ്റ്ററിൽ 18.02.2017 മുതൽ ഈ തുക പഞ്ചായത്തിന് തിരിച്ച കിട്ടാനുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ആയത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. വനിതകൾക്കായി ഫുട് വേർ വ്യവസായസംരംഭം തുടങ്ങുന്നതിനായി

കെ.എസ്.ഐ.ഡി.സി-യുടെ ഒരു ഏക്കർ സ്ഥലം ലീസിനെടുത്ത വകയിൽ ഇ.എം.ഡി-യായി കെ.എസ്.ഐ.ഡി.സി-ക്ക് 02.05.2012-ൽ നൽകിയ 1,90,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കാനുള്ള മുൻകൂർ ആയി തെറ്റായി അക്കൗണ്ടിൽ രേഖപ്പെടുത്തി.

12) മുൻകൂർ തുക കൃത്യമല്ല

വാർഷിക കണക്ക് പ്രകാരം

| മുൻബാക്കി | തൻവർഷം നൽകിയത് | ആകെ | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| 1318576 | 9904515 | 11223091 | 8212204 | 3010887 |

മുൻകൂർ രജിസ്റ്റർ പ്രകാരം

| മുൻബാക്കി | തൻവർഷം നൽകിയത് | ആകെ | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| 1318576 | 10063511 | 11382087 | 8371200 | 3010887 |

മുൻകൂർ നൽകിയതും ക്രമീകരിച്ചതും സംബന്ധിച്ച് വാർഷിക കണക്ക്,രജിസ്റ്റർ എന്നിവ തമ്മിലുള്ള പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടിയുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 20/2019-20തീയതി 17.08.2021)-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,49,43,992 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,07,26,624 |
| ആകെ | 11,56,70,616 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,05,59,648 |
| നീക്കിയിരിപ്പ് | 2,51,10,968 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,86,51,369 | 1,86,51,369 | 1,69,44,198 | 17,07,171 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,09,17,941 | 1,09,17,941 | 87,58,401 | 21,59,540 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 7,83,941 | 7,83,941 | 4,93,190 | 2,90,751 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 58,61,000 | 58,61,000 | 21,20,083 | 37,40,917 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 55,85,000 | 55,85,000 | 39,79,456 | 16,05,544 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,46,98,623 | 1,46,98,623 | 50,45,245 | 96,53,378 |
| എസ്.എസ്.എ | 70,423 | 2,817 | 73,240 | 0 | 73,240 |
| ഐ.സി.ഡി.എസ് | 22,63,871 | 24,27,845 | 46,91,716 | 11,00,000 | 35,91,716 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 28,828 | 978 | 29,806 | 0 | 29,806 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 8,24,69,451 | 2,37,84,430 |
| വികസനഫണ്ട് (എസ്.സി.പി) | 7,48,20,553 | 1,32,20,848 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2,53,50,954 | 50,45,245 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്, ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3)ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക (2,88,39,958) വാർഷിക കണക്കിലെ തുകയുമായി (24,27,845) പൊരുത്തപ്പെടുന്നില്ല.

4) 2019-20 സാമ്പത്തിക വർഷം ശുചിത്വമിഷൻ ഇനത്തിൽ വരവായി ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 20,64,33,098 | 128 | 7,05,24,429 | 49 | 28 | 62.43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

2019-20 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ :6892

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ :9144

100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ :602

2019-20 സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 81742755

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| അവിദഗ്ദ വേതനം | 58348035 |
| അവിദഗ്ദ വേതനം | 3324628 |
| മെറ്റിരിയൽ തുക | 16846356 |
| ഭരണ ചെലവ് | 1316175 |
| നികുതി | 1907561 |
| ആകെ | 8,17,42,755 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8288 | 1743143 | 1751431 | 1315175 | 436256 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 58348035 | 58348035 | 58348035 | - |

ഭരണസമിതിയുടെ 5/12/2018 തിയ്യതിലെ 5(2) നമ്പർ തീരുമാന പ്രകാരം 952 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് .ഇതിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 316 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്._ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 25 |
| കിണർ | 6 |
| തൊഴുത്ത് | 8 |
| ടോയിലറ്റ് | 3 |
| കോഴിക്കൂട് | 1 |
| വൃക്ഷത്തൈനടൽ | 1 |
| പുഴ നവീകരണം | 1 |
| | |

| | |
|---|---|
| മണ്ണ് ജലസംരക്ഷണം | 134 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 137 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,06,680 | 118 |
| കർഷക തൊഴിലാളി പെൻഷൻ | 73,21,200 | 840 |
| വിധവാ പെൻഷൻ | 1,12,70,400 | 971 |
| വാർദ്ധക്യകാല പെൻഷൻ | 1,89,38,700 | 2325 |
| വികലാംഗ പെൻഷൻ | 33,10,200 | 401 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,48,200 | 41 |
| വിവാഹ ധനസഹായം | 60,000 | 2 |

1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | സുധ,കെ.കെ, വൈപ്പോൽ, കണ്ണാടിപ്പൊയിൽ | വിധവ പെൻഷൻ | 03.04.2019 | 07.06.2019 |
| 2 | ദേവി, | | 04.09.2019 | 06.11.2019 |

| | | | | |
|---|---|---|---|---|
| | പറയറുകണ്ടി, പനങ്ങാട് | | | |
| 4 | ശ്യാമള.എ.പി, അമ്പലപ്പറമ്പിൽ, വട്ടോളി ബസാർ | കർഷകത്തൊഴിലാളി പെൻഷൻ | 20.05.2019 | 03.08.2019 |
| 5 | സുമതി, കണ്ണാടിപൊയിൽ | | 19.06.2019 | 20.09.2019 |
| 6 | സുലോചന, കുന്നമ്മൽ, കിനാലൂർ | | 26.08.2019 | 30.11.2019 |
| 7 | പ്രിൻസി, കേച്ചേരി, വട്ടോളി ബസാർ | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 04.09.2019 | 12.12.2019 |
| 8 | അനീവ്.ഇ.വി, ഇല്ലത്ത് വയൽ, കണ്ണാടിപ്പൊയിൽ | | 07.01.2020 | 24.06.2020 |
| 9 | പത്മനാഭൻ.യു, വരിങ്ങാപ്പൊയിൽ | വാർദ്ധക്യകാല പെൻഷൻ | 02.04.2019 | 03.08.2019 |
| 10 | ആയിഷ.ടി.പി, തെക്കേപറമ്പിൽ, തലയാട് | | 04.04.2019 | 03.08.2019 |
| 11 | ഇസ്മയിൽ.വി.വി, പാറക്കൽ താഴെ, കണ്ണാടിപ്പൊയിൽ | | 29.07.2019 | 06.11.2019 |
| 12 | സുലോചന.കെ.സി, കൈതചാലിൽ, കിനാലൂർ | | 17.01.2020 | 18.05.2020 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-08-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,694 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ

വിജയിച്ചിട്ടുണ്ട്.

വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. തപാലുകൾ സൂചിക മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-10 തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കെട്ടിട നമ്പറുകൾ ലഭിക്കുന്നതിനായി ഉടമസ്ഥർ അപേക്ഷ സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നമ്പരുകൾ അനുവദിച്ച് നൽകി യിട്ടുണ്ട്. കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ, ന്യൂ ബിൽഡിങ് രജിസ്റ്റർ സഞ്ചയ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | അനുവദിക്കപ്പെട്ട കെട്ടിട നമ്പറുകൾ | നികുതി ഈടാക്കിയ തറ വിസ്തീർണം ( ച.മി) | ബാധകമാക്കിയ നികുതി നിരക്ക്) | നികുതി ഈടാക്കാൻ ബാക്കിയുള്ള തറ വിസ്തീർണം |
|---|---|---|---|---|---|
| നാരായണൻ, ചെമ്പുവയൽ, തലയാട്, 673574, | 244.05 | 5/523 A മുതൽ H വരെ | 171.04 | 30 കെട്ടിട ത്തിന്റെ തറ വിസ്തീർണം 100 ച മി ക്ക് മുകളിലാ യതിനാൽ 50 രൂപ നിരക്കി ലാണ് നികുതി | 73.01 |

| | | | | | |
|---|---|---|---|---|---|
| | | | | കണക്കാ ക്കേണ്ടത് | |

ഈ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള തറ വിസ്തീർണ (Plinth Area) ത്തിന് ആനുപാതികമായി നികുതി കണക്കാക്കിട്ടില്ല. അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ നികുതി നിർണയിച്ചതിൽ വന്ന അപാകത പരിഹരിച്ചതായും പുതിയ നിരക്കിൽ നികുതി അടവാക്കുന്നതിനായി ഉടമസ്ഥനെ അറിയിച്ചതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-11 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 40/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻ വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതി ദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ-

<table>
<tr><th>കെട്ടിട നമ്പർ/<br>കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം)</th><th>ബാധകമാക്കിയ നികുതി നിരക്ക്</th><th>ബാധകമാക്കാവുന്ന നികുതി നിരക്ക്</th></tr>
<tr><td>9/243 A ,B<br>ഇബിച്ചിമമ്മദ്,<br>പിലാക്കോത്ത്,<br>പൂവ്വമ്പായി,<br>കിനാലൂർ, 673612,</td><td rowspan="3">3</td><td rowspan="3">40</td></tr>
<tr><td>11/382 K മുതൽ P വരെ<br>മുഹമ്മദ് ഷാഫി,<br>എംഎസ് മഹലിൽ,<br>പന്നിക്കോട്ടൂർ,</td></tr>
<tr><td>14/444 E<br>അബ്ദുൽറസാഖ് എൻ. വി,<br>നെല്ലിവീട്ടിൽ,<br>കണ്ണാടിപ്പൊയിൽ,<br>673612,</td></tr>
</table>

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഇതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്

വിശദീകരണം നൽകേണ്ടതാണ്. തനത് വരുമാനം നഷ്ടമാകുന്ന ഈ നടപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും വിശദീകരണവും പ്രതീക്ഷിക്കുന്നു.

## 1-12 വസ്തു നികുതി നിർണയത്തിലെ അപാകതകൾ പരിഹരിച്ചത്-പ്രശംസാർഹം

### ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കിയത്

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്സ്) (വഴി സൗകര്യം 20%വർദ്ധനവ്, ഒന്നാം നില ഇളവ് എന്നിവ അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|---|---|
| റൈജ്ജു ജോസഫ്, കട്ടിക്കാനാൽ, തലയാട്,673574, (2019-20 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം) | 741.77 | 4/679 A | 20.58 | 30 | 741+38=779 | 50 | 1235+62=1297 | 518 |
| | | 4/679 B | 68.91 | | 2481+125=2606 | | 4135+207=4342 | 1736 |
| | | 4/679 C | 46.3 | | 1667+84=1751 | | 2778+139=2917 | 1166 |
| | | 4/679 D | 39.18 | | 1411+71=1482 | | 2351+118=2469 | 987 |
| | | 4/679 E | 23.71 | | 854+43=897 | | 1423+72=1495 | 598 |
| | | 4/679 F | 23.35 | | 841+43=884 | | 1401+71=1472 | 588 |
| | | 4/679 G | 49.06 | | 1767+89=1856 | | 2944+148=3092 | 1236 |
| | | 4/679 H | 24.31 | | 876+44=920 | | 1459+73=1532 | 612 |
| | | 4/679 J | 25.75 | | 927+47=974 | | 1545+78=1623 | 649 |
| | | First Floor | 52.49 | | 1796+90=1886 | | 2993+150=3143 | 1257 |
| | | | 35.64 | | 1220+61=1281 | | 2033+102=2135 | 854 |
| | | 4/679 K | 33.09 | | 1133+57=1190 | | 1887+95=1982 | 792 |
| | | 4/679 L | 27.99 | | 958+48=1006 | | 1596+80=1676 | 670 |
| | | 4/679 M | 18.67 | | 640+32=672 | | 1065+54=1119 | 447 |
| | | 4/679 N | 27.57 | | 944+48=992 | | 1573+79=1652 | 660 |
| | | 4/679 P | 21.75 | | 744+38=782 | | 1240+62=1302 | 520 |
| | | 4/679 Q | 71.53 | | 2448+123=2571 | | 4078+204=4282 | 1711 |
| | | 4/679 R | 28.28 | | 969+49=1018 | | 1613+81=1694 | 676 |
| | | 4/679 S | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 4/679 T | 29.94 | | 1025+52=1077 | | 1708+86=1794 | 717 |
| | | 4/679 U | 25.8 | | 883+45=928 | | 1548+78=1626 | 698 |
| | | 4/679 V | 30.49 | | 1044+53=1097 | | 1739+87=1826 | 729 |
| | | 4/679 W | 25.7 | | 880+44=924 | | 1465+74=1539 | 615 |
| | | 4/679 X | | | | | | |
| ആകെ | | | | | | | | 18354 |
| മുഹമ്മദ് ഹബീബ്, വലിയ കിഴക്കയിൽ, വട്ടോളി ബസാർ, 67361 (2019-20 ഒന്നാം അർദ്ധ വർഷം മുതൽ പ്രാബല്യം) | | 12/465J | | | | | | |
| | | 12/465K | 22.83 | | 822+42=864 | | 1370+69=1439 | 575 |
| | | 12/465L | 23.59 | | 850+43=893 | | 1416+71=1487 | 594 |
| | | 12/465M | 28.15 | | 1014+51=1065 | | 1690+85=1775 | 710 |
| | | 12/465N | 28.15 | | 1014+51=1065 | | 1690+85=1775 | 710 |
| | | 12/465P | 28.15 | | 1014+51=1065 | | 1690+85=1775 | 710 |
| | | 12/465Q | 23.99 | | 864+44=908 | | 1440+72=1512 | 604 |
| | | FIRST | 23.99 | | 864+44=908 | | 1440+72=1512 | 604 |
| | | FLOOR | 23.9 | | 818+41=859 | | 1363+69=1432 | 573 |
| | | 12/465R | 36.54 | | 1251+63=1314 | | 2083+105=2188 | 874 |
| | | 12/465S | 36.54 | | 1251+63=1314 | | 2083+105=2188 | 874 |
| | | 12/465T | 36.54 | | 1251+63=1314 | | 2083+105=2188 | 874 |
| | | 12/465U | 36.54 | | 1251+63=1314 | | 2083+105=2188 | 874 |
| | | 12/465V | 31.13 | | 1065+54=1119 | | 1775+89=1864 | 745 |
| | | 12/465W | 24.10 | | 825+42=867 | | 1374+69=1443 | 576 |
| | | 12/465X | | | | | | |
| ആകെ | | | | | | | | 9897 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരുന്നത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ട് 16/08/2021 ന് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. തുടർന്ന് ഈ കെട്ടിടങ്ങളുടെ നികുതി പഞ്ചായത്ത് ഉടൻ തന്നെ പുനർ നിർണയിക്കുകയും 2020-21 കാലയളവ് വരെയുള്ള തുക ബന്ധപ്പെട്ട കെട്ടിട ഉടമസ്ഥരിൽനിന്ന് ഈടാക്കുകയും ചെയ്ത് രസീതി ഓഡിറ്റിന് ഹാജറാക്കിയിട്ടുണ്ട്. വിശദാംശ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടമുടമയുടെ പേരും വിലാസവും | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | ഈടാക്കിയ തുക | രസീതി നം/ തിയതി |
|---|---|---|---|---|
| 1 | റൈജു ജോസഫ്, കട്ടിക്കാനാൽ,., തലയാട്,673574, (2019-20 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം) | 4/679 A മുതൽ X വരെ | 27532 (2019-20 രണ്ടാം അർദ്ധ വർഷം മുതൽ 20-21 വരെ) | 121040100961/ 18-08/2021 |
| 2 | മുഹമ്മദ് ഹബീബ്, വലിയ കിഴക്കയിൽ, വട്ടോളി ബസാർ,67361 (2019-20 ഒന്നാം അർദ്ധ വർഷം മുതൽ പ്രാബല്യം) | 12/465J മുതൽ X വരെ | 19794 2019-20 ഒന്നാം അർദ്ധ വർഷം മുതൽ 20-21 വരെ) | 121040100959/ 18-08/2021 |

ഓഡിറ്റ് അന്വേഷണക്കുറിപ്പുകളുടെ പ്രാധാന്യം ഉൾകൊണ്ട് കൊണ്ട് വളരെ പെട്ടെന്ന് തന്നെ നടപടിയെടുത്ത് പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം നികത്തിയത് ഏറെ ശ്രദ്ധേയവും പ്രശംസാർഹവുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധിക്കേണ്ടതുമാണ്

**1-13 തൊഴിൽ നികുതി-അപാകതകൾ**

(I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2019-20 സാമ്പത്തിക വർഷം പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. ഗോപാലകൃഷ്ണൻ.കെ.എം, പൊന്നകയം, തിരുവമ്പാടി

2) ശ്രീ. ഫിറോസ്, കരിമ്പിന്തേരി, കണ്ണാടിപ്പൊയിൽ

3) ശ്രീ. ഷൈജു, കൊട്ടക്കാട്ട്, വട്ടോളി ബസാർ

4) ശ്രീ. മൊയ്തീൻകോയ.പി.പി, പൂവപൊയിൽ, നൻമണ്ട(പി.ഒ)

5) ശ്രീ. സാജിദ്.പി.പി, പഞ്ചാംപുറത്ത്, വട്ടോളി ബസാർ

6) ശ്രീ. റിജു.എം.വി, സുദേവം, പറമ്പിൽ

7) ശ്രീ. അബു.കെ.കെ, കണ്ടംകുളങ്ങര, ഉള്ള്യേരി

8) ശ്രീ. സജി, കുഴിവേലക്കൽ, കക്കയം

9) ശ്രീ. ശരത് സെബാസ്റ്റ്യൻ, ചിറ്റാറ്റുവടക്കേൽ, പുല്ലൂരാംപാറ(പി.ഒ)

10) ശ്രീ. ബിബിൻ കുമാർ, സോപാനം, നാരോത്ത്പറമ്പ്, കരുവശ്ശേരി

ii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. പനങ്ങാട് ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽനികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) വട്ടോളി ബസാർ ക്ഷീരോത്പാദന സഹകരണ സംഘം

2) താജ് ടി.വി.എസ് മോട്ടോഴ്സ്

3) ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്, കിനാലൂർ ശാഖ

4) ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസസ്

5) അരിയിൽ ആയുർവേദ ആര്യവൈദ്യശാല

6) മാമു ഹാജി മെമ്മോറിയൽ വുഡ് ഇൻഡസ്ട്രി

7) മാംഗോസ് ഫൂട്കെയർ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19-20 തീ-18.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയത്-അപാകതകൾ

04/4(4/2/2019) തീരുമാന പ്രകാരം പഞ്ചായച്ച് ഇ എം എസ് ഓഡിറ്റോറിയത്തിന് 1000/-

രൂപയും, കൃഷി ഭവൻ ഹാളിന് 750 രൂപയുമായി നിശ്ചയിച്ചു. രാഷ്ട്രീയ പാർട്ടികൾക്ക് ഇത് 250/- രൂപയായും നിശ്ചയിച്ചു.

പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. താഴെ പറയുന്ന പരിപാടികൾക്ക് യഥാർഥ നിരക്കിൽ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | തിയതി | സ്ഥലം | അപേക്ഷകന്റെ പേര് | ഈടാക്കിയ വാടക | ഈടാക്കേണ്ടത് | നഷ്ടം |
|---|---|---|---|---|---|---|
| 1 | 15/07/2019 | കൃഷി ഭവന് | സന്തോഷ് കെ | 250 | 750 | 500 |
| 2 | 23/07/2019 | ഇ എം എസ് ഹാൾ | വായനശാല | 100 | 250 | 150 |
| 3 | 21/11/2019 | കൃഷി ഭവൻ | മനോരജ്ഞൻ ആർട്സ് | 250 | 750 | 500 |
| 4 | 18/01/2020 | ഇ എം എസ് ഹാൾ | മേഘശ്രീ | 250 | 1000 | 750 |
| 5 | 02/02/2020 | ഇ എം എസ് ഹാൾ | ഭവ്യ ഗണേഷ് | 250 | 1000 | 750 |
| 6 | 09/02/2020 | കൃഷി ഭവൻ | മോഹേന്ദ്രനാഥ് | 250 | 750 | 500 |
| 7 | 14/02/2020 | കൃഷി ഭവൻ | സി കെ പ്രദീഷ് | 250 | 750 | 500 |
| ആകെ | | | | | | 3650 |

പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ വാടക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനു നൽകിയ മറുപടിയിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയ്ച്ചിട്ടുണ്ട്. 3650/- രൂപ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-15 രശീത് സൂക്ഷിപ്പിലെ അപാകതകൾ

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 27.05.2019 | 119040100632 | 9711555 |
| 21.08.2019 | 119040102087 | 9713045 |
| 04.09.2019 | 119040102335 | 9713312 |
| 17.09.2019 | 119040102539 | 9713526 |
| | | |

| | | |
|---|---|---|
| 18.09.2019 | 119040102639 | 9713628 |
| 15.10.2019 | 119040103423 | 9714431 |
| 24.10.2019 | 119040103610 | 9714621 |
| 29.01.2020 | 119040105087 | 9716178 |
| 30.01.2020 | 119040105121 | 9716212 |
| 27.02.2020 | 119040105558 | 9716686 |

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ മാന്വൽ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| രശീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 2776 | രശീതി നം. 5 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 22974 | രശീതി നം. 56 വരെ ഉപയോഗിച്ചു. 57മുതൽ 100 വരെ കാൻസൽ വരെയുള്ളവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |
| 22967 | രശീതി നം. 50 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2772 | രശീതി നം. 64 വരെ ഉപയോഗിച്ചു.65മുതൽ 100 വരെ കാൻസൽ വരെയുള്ളവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുമ്പോൾ, തനത് ഫണ്ട് ഉപയോഗിച്ച് റോഡ് പണി നടത്തുന്നു

2020-21 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് മാത്രം ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവ് |
|---|---|---|

| | | (രൂ.) |
|---|---|---|
| 1 | 85/19-20 – നടുവിലെക്കണ്ടി കിഴക്കേലത്ത് റോഡ് | 74870 |
| 2 | 174/19-20-26-ാംമൈൽ ചുരത്തോട് റോഡ് | 1401071 |
| 3 | 194/19-20-മുണ്ടക്കര-ശിവക്ഷേത്രം റോഡ് നിർമ്മാണം | 360510 |
| | ആകെ | 1836451 |

2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 5038818/- രൂപ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കാതെ സ്ഥാപനം നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നിരിക്കെ,18 ലക്ഷത്തിൽപ്പരം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് റോഡ് പ്രവൃത്തികൾ നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. അന്വേഷണക്കുറിപ്പ് നം.14/12.08.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

തൻവർഷം ടെണ്ടർ ചെയ്ത 70 പ്രവൃത്തികളിൽ 33 എണ്ണത്തിന് രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ന്യൂനതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.2/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ന്യൂനതയ്ക്ക് വിശദീകരണം നൽകുന്നതിനൊപ്പം ഈ വിഷയത്തിൽ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-18 സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ (രൂ.) |
|---|---|---|---|
| 1 | 163/19-20 | കരിമ്പിൻതരി മേലേ കരിമ്പിൻതരി റോഡ് | 543105 |
| 2 | 170/19-20 | തലയാട് സ്കൂൾ മണ്ടോപ്പാറ റോഡ് | 200000 |
| 3 | 172/19-20 | മങ്കയം ഹോമിയോ ഡിസ്പെൻസറി നവീകരണം | 66094 |
| 4 | 180/19-20 | സി.ഡി.എസ് ആസ്ഥാന മന്ദിരം വിപുലീകരണം | 1612454 |

2019-20 വർഷത്തെ ആകെ 78 പൊതുമരാമത്ത് പദ്ധതികളിൽ 18 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത പദ്ധതികളിൽ 4 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന്

സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 2421653/- രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതികൾക്ക് ഭരണ-സാങ്കേതിക അനുമതികൾ മുൻകൂറായി ലഭിച്ചിരുന്ന സാഹചര്യത്തിലും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിലുള്ള പങ്ക് വഹിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ നടപ്പ് വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതിയും അടങ്കൽ തുകയും നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളുണ്ടായില്ല.

മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 2421653/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൻമേൽ നൽകിയ അന്വേഷണക്കുറിപ്പ് നം.7/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-19 കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി എസ് ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി എസ് ടി ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി എസ് ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 2% ജി എസ് ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയിസുകൾ ഇല്ലാതെ തന്നെ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. 2019-20 സാമ്പത്തിക വർഷം സ്ഥാപനത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി വിവരം അറയിക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ അന്വേഷണക്കുറിപ്പ് നം.6/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-20 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല:

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്ഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ

പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. അന്വേഷണക്കുറിപ്പ് നം.4/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1-21 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല

2019-20-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'മങ്കയം ചെങ്കണ റോഡ് കൽവർട്ട് നിർമാണം' എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി (നം.89403/18-19), സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ് തിയതി മുതൽ 4 മാസമാണ്. എഗ്രിമെന്റ് നം.52/20.11.2018 പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ടത് 19.03.2019 ൽ ആണ്. എന്നാൽ അളവ് പുസ്തകം 116/17-18 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 3.07.2019 ൽ ആണ്. ബിൽ നമ്പർ 07/31.08.19 പ്രകാരവും ചെക്ക് നം.5462601/7.09.19 പ്രകാരവും അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | അധിക കാലാവധിയുടെ 20% കിഴിച്ചശേ ഷമുള്ള അധിക കാലയളവ് (12.04.19 മുതൽ 03.07.19 വരെ) | കരാർ തുക (രൂ.) | ഈടാക്കേണ്ട പിഴ (കരാർ തുകയുടെ 1%) |
|---|---|---|---|---|
| 19.03.2019 | 3.07.2019 | 2 മാസം , 22 ദിവസം | 626454 | 6265 |

അന്വഷണക്കുറിപ്പ് നം.13/12.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ഫൈനൽ ബിൽതുക അനുവദിച്ചപ്പോൾ പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ

2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത്.

| പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക | ഈടാക്കാ-വുന്ന പിഴ |
|---|---|---|---|---|---|
| 29/19-20 കാവുംപുറം തെങ്ങിൻകുന്ന് റോഡ് ടാറിംഗ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 432000 രൂപ | 4320 രൂപ |
| 46/19-20 തലയാട് കാവുംപുറം ബൈപാസ് റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 315779 രൂപ | 3158 രൂപ |
| 50/19-20 എഴുകണ്ടി പൂവത്തുംചോല റോഡ് | ബിജു.എം | 03.08.19 | 17.08.19 | 22.08.19 299502 രൂപ | 2995 രൂപ |
| 53/19-20 കുളങ്ങരക്കണ്ടി വാങ്ങോളിത്താഴെ റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 274379 രൂപ | 2744 രൂപ |
| 54/19-20 രാമത്ത് ചെറാട്ട് അങ്കണവാടി പനങ്ങാട് സൗത്ത് സ്കൂൾ റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 273935 രൂപ | 2739 രൂപ |
| 60/19-20 അടിവാരം പുത്തലത്ത് റോഡ് | ബിജു.എം | 03.08.19 | 17.08.19 | 22.08.19 365858 രൂപ | 3658 രൂപ |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 19614 രൂപ |

മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതേയും പിഴ ഈടാക്കാതേയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ അന്വേഷണക്കുറിപ്പ് നം.12/12.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

<u>1-23 റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിപ്രകാരം നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ ഇല്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല. അന്വേഷണക്കുറിപ്പ് നം.10/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ, വാങ്ങലിന്റെ ആധികാരികത എങ്ങനെ ഉറപ്പാക്കിയെന്ന് വിശദീകരിക്കേണ്ടതാണ്.

<u>1-24 ഓവർ ഹെഡ് ചാർജ്ജ് അനുവദിക്കുന്നതിലെ അപാകതകൾ</u>

എ) <u>ജി.എസ്.ടി പരിഹാര തുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണ്. ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ബി) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു</u>

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്ഡ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6-ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.റ്റി യ്ക്കുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി.എസ്.റ്റി-യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ്‌വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്ഡ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നൽകലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

അന്വേഷണക്കുറിപ്പ് നം.8/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

1-25 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക്

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല

2019-20 സാമ്പത്തിക വർഷം വരെ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ നൽകിയ അന്വേഷണക്കുറിപ്പ് നം.5/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

1-26 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ

1. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.
3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
4. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.
5. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

പ്രസ്തുത വിഷയത്തിൻമേൽ നൽകിയ അന്വേഷണക്കുറിപ്പ് നം.3/10.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-27 പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ ലഭ്യമായതിന്റെ വിവരമില്ല

1)

| | |
|---|---|
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ഓഫീസ് ആധുനികവത്ക്കരണം (145/19-20) |
| അടങ്കൽ | തനത് ഫണ്ട്-3,64,996/- |
| ബിൽനം | 182/2019-20-1,99,037/-തീയതി 21.11.2019 |
| | 331/2019-20-6,560/- തീയതി 14.02.2020 |
| | 348/2019-20-14,500/-തീയതി 26.02.2020 |
| | 363/2019-20-45,099/- തീയതി 09.03.2020 |
| | 366/2019-20-99,800/-തീയതി 11.03.2020 |
| ആകെ | 3,64,996/- |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | അസി.എൻജിനീയറുടെ ഓഫീസിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ(148/2019-20) |
| അടങ്കൽ | മെയിന്റിനൻസ് ഗ്രാന്റ് നോൺറോഡ്-1,02,500/- |
| ബിൽനം | 01/2019-20-73,967/-തീയതി 13.05.2019 |
| | |

| | |
|---|---|
| | 05/2019-20-28,533/- തീയതി 13.05.2019 |
| ആകെ | 1,02,500/- |

ഒന്നാമത്തെ പദ്ധതിയിൽ പഞ്ചായത്ത് ഓഫീസിലേക്ക് മൂന്ന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും, ഒരു എ-3 ഷീറ്റ് ഫെഡ് സ്കാനർ എന്നിവ വാങ്ങുന്നതിനായി ബിൽ നം.23 പ്രകാരം 1,99,037/- രൂപ കെൽട്രോണിനും രണ്ടാമത്തെ പദ്ധതിയിൽ അസി.എൻജിനീയറുടെ ഓഫീസിലേക്കായി ഒരു ഡെസ്റ്റോപ്പ് കമ്പ്യൂട്ടർ, കാനൺ പ്രിന്റർ, കമ്പ്യൂട്ടർ ടേബിൾ ,കസേര എന്നിവ വാങ്ങുന്നതിനായി 1,02,500/- രൂപ മലബാർ ബിസിനസ്സ് സൊലൂഷൻ (ഇൻവോയ്സ് നം. 17/01.03.2019) എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

കെൽട്രോണിൽ നിന്നും മലബാർ ബിസിനസ്സ് സൊലൂഷൻ എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുള്ളതായി പ്ലാൻ ക്ലാർക്ക് അറിയിച്ചിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് കെൽട്രോണിന്റെ ഇൻവോയ്സോ (പ്രോഫോർമ ഇൻലോയ്സ് മാത്രമേ ഉള്ളൂ), രണ്ട് സ്ഥാപനത്തിൽ നിന്നും ലഭിച്ച കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ടോ, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളോ ഇല്ല. ആയതിനാൽ ഈ കമ്പ്യൂട്ടറുകൾ ലഭിച്ചതായി ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. 11/2019- ലും 05/2019- ലും തുക നൽകി ഇതുവരെയായും കമ്പ്യൂട്ടർ ലഭിച്ചുവെന്ന് ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം. 22/19-20തീയതി 17.08.2021) മറുപടി ലഭ്യമാക്കാത്തതിനാൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക 1,59,984/- രൂപ (ഒന്നാമത്തെ പദ്ധതിയിൽ-1,13,133/-, രണ്ടാമത്തെ പദ്ധതിയിൽ-46,851/-) തടസ്സത്തിൽ വയ്ക്കുന്നു.

<u>1-28 ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല</u>

| പദ്ധതിയുടെ പേര് | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് (127/2019-20) |
|---|---|
| ബിൽനം | 04/2019-20-14000/-തീയതി 26.06.2019 |
| | 06/2019-20-49404/-തീയതി 30.07.2019 |
| | 07/2019-20-66500/-തീയതി 30.07.2019 |
| | 11/2019-20-74106/-തീയതി 13.11.2019 |
| | 12/2019-20-122500/-തീയതി13.11.2019 |
| | 15/2019-20-24702/-തീയതി30.12.2019 |
| | 24/2019-20-45500/-തീയതി12.03.020 |
| | 25/2019-20-49404/-തീയതി24.02.2020 |
| | 384/2019-20-24702/- തീയതി20.03.2020 |
| ആകെ | 470818/- |

നവകേരളം പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയിൽ നടപ്പിലാക്കേണ്ട ശുചിത്വമാലിന്യസംസ്കരണ ക്യാമ്പയിനിന്റെ നിർവ്വഹണ മാനദണ്ഡങ്ങൾ വിശദമാക്കികൊണ്ട് ജി.ഒ(സാധാ) നം.2420/2017/ത.സ്വ.ഭവ തീയതി 15.07.2017 ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പനങ്ങാട് പഞ്ചായത്തിലെ മാലിന്യങ്ങളുടെ പൂർണ്ണ സംസ്കരണം, മാലിന്യം സംസ്കരണകേന്ദ്രത്തിൽ എത്തിക്കുക,ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക, ഹരിത സഹായസ്ഥാപനമായ നിറവിന് കൺസൺട്ടൻസി ഫീ നൽകുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 -ൽ ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് എന്ന പേരിൽ 127/19-20 - നമ്പർ പ്രോജക്ട് രൂപീകരിച്ചു. ഇതു സംബന്ധിച്ച് പഞ്ചായത്തും ഹരിതസഹായ സ്ഥാപനവും തമ്മിൽ 2019 ഫെബ്രുവരി 1ാം തീയതി കരാറിൽ ഒപ്പുവെച്ചു.

ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ്

അന്വേഷണകുറിപ്പിന് ( നം. 21/2019-20തീയതി 17.08.2021) മറുപടി ലഭ്യമാക്കിയില്ല.

1. പഞ്ചായത്തും ഹരിതസഹായ സ്ഥാപനവും തമ്മിൽ ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ 2019-20 കാലയളവിൽ പ്രവർത്തിച്ചിരുന്ന ഹരിത കർമ്മസേനയെ തെരഞ്ഞെടുത്തതിന്റെ മിനിട്സ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. നിലവിലുണ്ടായിരുന്ന ഹരിതകർമ്മസേനയ്ക്ക് വേതനകുടിശ്ശിക നൽകാൻ ബാക്കിയുണ്ടായിരുന്നതിനാൽ അവർ മാലിന്യശേഖരണത്തിന് തയ്യാറാകാതിരുന്നതിനാൽ 12.03.2021-ന് അഞ്ചു ഗ്രൂപ്പുകളിലായി 32 പേർ അടങ്ങുന്ന പുതിയ ഹരിത കർമ്മസേനയെ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ മിനിട്സ് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. നിലവിലുണ്ടായിരുന്ന ഹരിതകർമ്മസേനയ്ക്ക് നൽകാനുണ്ടായിരുന്ന വേതന കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കിയില്ല.
2. ഹരിതസഹായ സ്ഥാപനമായ നിറവിന്റെയും ഹരിതകർമ്മ സേനയുടെയും സഹായത്തോടെ പഞ്ചായത്തിന്റെ സമഗ്രമാലിന്യ സംസ്കരണ പരിപാടി തയ്യാറാക്കേണ്ടതാണ്. അത് ലഭ്യമാക്കിയില്ല
3. സമഗ്രമാലിന്യ സംസ്കരണ പരിപാടിയുടെ അടിസ്ഥാനത്തിൽ മാലിന്യ ശേഖരണത്തിനായി യൂസർഫീ നിശ്ചയിച്ചയിക്കേണ്ടതാണ്. 2019-20 വർഷം എത്ര തുക യൂസർഫീ ഇനത്തിൽ പിരിച്ചെടുത്തു. എത്ര തുക ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനായി ചെലവഴിച്ചു. കളക്ഷൻ രജിസ്റ്റർ, രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, ചെലവ് വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.
4. ഹരിതകർമ്മ സേനയ്ക്ക് മാലിന്യസംസ്കരണത്തിന് ആവശ്യമായ പരിശീലനം നിറവ് നൽകിയിട്ടുണ്ടോ, ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി മികച്ച വരുമാനത്തിലേക്ക് ഉയർത്താൻ ആവശ്യമായ അധിക വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള പരിശീലനം കൺസൾട്ടിംഗ് എജൻസിയായ നിറവ് നടപ്പിലാക്കിയിട്ടുണ്ടോ. ആയതിന്റെ ഫലമായി വരുമാന വർദ്ധനവുണ്ടായിട്ടുണ്ടോ. പഞ്ചായത്ത് ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനം യഥാസമയം വിലയിരുത്തിയിരുന്നോ, ഇതു സംബന്ധിച്ച വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കിയില്ല.
5. 2019-20 കാലയളവിൽ 12 ഹരിതകർമ്മസേന പ്രവർത്തകർക്കാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് വേതനം നൽകിയിട്ടുള്ളത്. ഈയിനത്തിൽ യൂസർഫീസി വരവിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്.
6. എത്ര ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തമായി ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്.
7. എത്രശതമാനം വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മസേന അജൈവമാലിന്യശേഖരണം നടത്തിയിട്ടുണ്ട്.
8. 2019-20 കാലയളവിൽ ശേഖരിച്ച അജൈവമാലിന്യം ക്ലീൻകേരള മിഷന് കൈമാറുന്നതിന് കരാറിലേർപ്പെട്ടിരുന്നോ. മാലിന്യം കൈമാറിയോ
9. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എത്ര നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.
10. റീസൈക്ലിനിംഗിനായി കൈമാറ്റം ചെയ്യപ്പെട്ട അജൈവമാലിന്യത്തിന്റെ അളവ് ഓരോ പാദവർഷത്തിലും കുറവ് വന്നിട്ടുണ്ടോ.
11. എത്രയിടങ്ങളിൽ ജൈവമാലിന്യങ്ങളിൽ നിന്നുള്ള കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവകൃഷി നടത്തിയിട്ടുണ്ട്.
12. തുമ്പൂർമുഴി കമ്പോസ്റ്റ് നിർമ്മാണത്തിനായി 300000/- രൂപ വകയിരുത്തി പ്രൊജക്ട് നമ്പർ 217/2019-20 രൂപീകരിച്ചുവെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലാക്കിയില്ല.
13. ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ റിപ്പോർട്ട് എന്നിവ

പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം പഞ്ചായത്തിലെ മാലിന്യങ്ങളുടെ പൂർണ്ണ സംസ്കരണം നടപ്പിലാക്കാൻ എം.സി.എഫും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റും ആവശ്യമാണ്. 2019-20 -ൽ എം.സി.എഫും 2020-21 -ൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തി പ്രവർത്തനക്ഷമമാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 2019-20 കാലയളവിൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം പനങ്ങാട് പഞ്ചായത്തിൽ മാലിന്യശേഖരണം, ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് കൈമാറൽ എന്നിവ കൃത്യമായി നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക 4,70,818/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. പ്രോജക്ട് നം.136/19-20 – ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് - സംയുക്ത പ്രോജക്ട്

അടങ്കൽ : രൂ.728250/- (രൂ.428250/- വികസന ഫണ്ട്; രൂ.200000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം; രൂ.100000/- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് : രൂ.691484/- (രൂ.391484/- വികസന ഫണ്ട്; രൂ.200000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം; രൂ.100000/- ജില്ലാ പഞ്ചായത്ത് വിഹിതം)

സംയുക്തമായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുമായി സ്ഥാപനം കരാർ ചമച്ചിട്ടില്ല.

2. പ്രോജക്ട് നം.141/19-20 – വനിത ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് - സംയുക്ത പ്രോജക്ട്

അടങ്കൽ : രൂ.700000/- (രൂ.100000/- വികസന ഫണ്ട്; രൂ.600000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് : രൂ.504242/- (രൂ.42764/- വികസന ഫണ്ട്; രൂ.461478/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

(I)സംയുക്തമായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തുമായി സ്ഥാപനം കരാർ ചമച്ചിട്ടില്ല.

അന്വേഷണക്കുറിപ്പ് നം.15/12.08.2021-നുള്ള മറുപടിയിൽ തുടർ വർഷങ്ങളിൽ കരാർ ചമക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 2019-20 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകതൾ

1. പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല.ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഒരു ഫയലിൽപ്പോലും ചേർത്തിട്ടില്ല.
3. സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.
4. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന്

വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

5. മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതും യഥാസമയം പരിശോധനാ വിധേയമാക്കേണ്ടതുമുണ്ട്. വെട്ടി തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ്.
6. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണ നിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-31 ഭിന്ന ശേഷി കുട്ടികളുടെ ഉല്ലാസയാത്ര-അനുകരണീയ മാതൃക

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രൊജക്റ്റ് നം 3/2019-20

അടങ്കൽ 1875000/-

ചെലവുതുക 1800000,

## നിർവഹണം -ഐ സി ഡിഎസ് സൂപ്പർവൈസർ

പനങ്ങാട് ഗ്രാമ പഞ്ചായത്തിൽ ഈ പദ്ധതിയുടെ ഭാഗമായി, 16/ 10/ 2019 ന് ഭിന്നശേഷി-മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സംഘടിപ്പിച്ചുകൊണ്ട് നടത്തിയ ഉല്ലാസയാത്ര ശ്രദ്ധേയമായി

സബ്സിഡി മാർഗ രേഖ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന ഓരോ വിദ്യാർഥിക്കും ഉല്ലാസയാത്ര ചെലവുകൾക്കായി ആയിരം രൂപ നൽകേണ്ടതാണ്. ഇത് അവർക്ക് നേരിട്ട് നൽകുന്നതിനു പകരമായി, അവരെ ഒരുമിച്ച് കൂട്ടി, ഉല്ലാസയാത്ര ചെലവുകൾക്കായി അവർക്ക് ലഭിക്കേണ്ട തുക ഉപയോഗിച്ചാണ് ഈ പരിപാടി നടത്തിയത്. ഇതിന്റെ ഭാഗമായി ഉല്ലാസയാത്രയിൽ പങ്കെടുക്കാൻ താൽപര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും, അവരുടെ സമ്മതപത്രം മുൻകൂറായി വാങ്ങി വെച്ചിരുന്നു. ഒരു രക്ഷിതാവിനെ കൺവീനറായി നിശ്ചയിക്കുകയും ചെയ്തു.
2019-20 വർഷത്തിൽ സ്കോളർഷിപ്പ് ലഭിച്ച് കൊണ്ടിരിക്കുന്ന, മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ പെട്ട 55 പേരാണ് ഉണ്ടായിരുന്നത് ഇതിൽ 37 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ആണ് ഈ പരിപാടിയിൽ പങ്കെടുത്തത്. രണ്ട് ടൂറിസ്റ്റ് ബസ്സുകളിലായി രാവിലെ തുടങ്ങി വൈകിട്ട് അവസാനിക്കുന്ന തരത്തിലായിരുന്നു പരിപാടി ആസൂത്രണം ചെയ്തിരുന്നത്.








ബേപ്പൂർ തുറമുഖം, ബോട്ട് യാത്ര, മേഖല ശാസ്ത്ര കേന്ദ്രം, കോഴിക്കോട് ബീച്ച് തുടങ്ങി കോഴിക്കോട് നഗരവും അനുബന്ധ പ്രദേശങ്ങളിലേക്കുമാണ് യാത്ര നടത്തിയത്. ഒത്തൊരുമിച്ചുള്ള യാത്രയും, യാത്രയിലെ അനുഭവങ്ങളും, കാഴ്ച്ചകളും കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പുത്തൻ അനുഭവമായി മാറി. ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ ഇത്തരം കുട്ടികൾക്കും, കുഞ്ഞിന്റെ ജീവിതത്തോടൊപ്പം വീട്ടിൽ തടസ്സപ്പെട്ടു പോയ അവരുടെ രക്ഷിതാക്കൾക്കും, തങ്ങളുടെ ചുറ്റുമുള്ള സമൂഹം കൂടെ ഉണ്ടെന്ന ബോധ്യം ഉണ്ടാക്കിയെടുക്കാൻ ഈ ഒരു പരിപാടിയിലൂടെ കഴിഞ്ഞു എന്ന് പറയാം. ഇത്തരം മാതൃകാപരവും അനുകരണീയവുമായ ഒരു പരിപാടി സംഘടിപ്പിച്ച ഭരണ സമിതിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

## ഭാഗം -2

### 2-1 പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയത്-അപാകതകൾ

04/4(4/2/2019) തീരുമാന പ്രകാരം പഞ്ചായത്ത് ഇ എം എസ് ഓഡിറ്റോറിയത്തിന് 1000/- രൂപയും, കൃഷി ഭവൻ ഹാളിന് 750 രൂപയുമായി നിശ്ചയിച്ചു. രാഷ്ട്രീയ പാർട്ടികൾക്ക് ഇത് 250/- രൂപയായും നിശ്ചയിച്ചു.

പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പ റയുന്ന അപാകതകൾ കണ്ടെത്തി. താഴെ പറയുന്ന പരിപാടികൾക്ക് യഥാർഥ നിരക്കിൽ വാടക ഈടാക്കിയിട്ടില്ല

| ക്രമ നം | തിയതി | സ്ഥലം | അപേക്ഷകന്റെ പേര് | ഈടാക്കിയ വാടക | ഈടാക്കേണ്ടത് | നഷ്ടം |
|---|---|---|---|---|---|---|
| 1 | 15/07/2019 | കൃഷി ഭവന് | സന്തോഷ് കെ | 250 | 750 | 500 |
| 2 | 23/07/2019 | ഇ എം എസ് ഹാൾ | വായനശാല | 100 | 250 | 150 |
| 3 | 21/11/2019 | കൃഷി ഭവൻ | മനോരഞ്ജൻ ആർട്സ് | 250 | 750 | 500 |
| 4 | 18/01/2019 | ഇ എം എസ് ഹാൾ | മേഘശ്രീ | 250 | 1000 | 750 |
| 5 | 02/02/2020 | ഇ എം എസ് ഹാൾ | ഭവ്യ ഗണേഷ് | 250 | 1000 | 750 |
| 6 | 09/02/2020 | കൃഷി ഭവൻ | മോഹേന്ദ്രനാഥ് | 250 | 750 | 500 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 14/02/2020 | കൃഷി ഭവൻ | സി കെ പ്രദീഷ് | 250 | 750 | 500 |
| ആകെ | | | | | | 3650 |

പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ വാടക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് .പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക 3650/- ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## ഭാഗം -3

### 3-1 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല

2019-20ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'മങ്കയം ചെങ്കണ റോഡ് കൽവർട്ട് നിർമാണം' എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി (നം.89403/18-19), സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ് തിയതി മുതൽ 4 മാസമാണ്. എഗ്രിമെന്റ് നം.52/20.11.2018 പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 19.03.2019 ൽ ആണ്. എന്നാൽ അളവ് പുസ്തകം 116/17-18 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 3.07.2019 ൽ ആണ്. ബിൽ നമ്പർ 07/31.08.19 പ്രകാരവും ചെക്ക് നം.5462601/7.09.19 പ്രകാരവും അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | അധിക കാലാവധിയുടെ 20% കിഴിച്ച ശേഷമുള്ള അധിക കാലയളവ് (12.04.19 മുതൽ 03.07.19 വരെ) | കരാർ തുക (രൂ.) | ഈടാക്കേണ്ട പിഴ (കരാർ തുകയുടെ 1%) |
|---|---|---|---|---|
| 19.03.2019 | 3.07.2019 | 2 മാസം , 22 ദിവസം | 626454 | 6265 രൂ. |

അന്വേഷണക്കുറിപ്പ് നം.13/12.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ഫൈനൽ ബിൽതുക അനുവദിച്ചപ്പോൾ പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ വെക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ്

<u>ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു</u>

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത്.

| പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക | ഈടാക്കാവുന്ന പിഴ |
|---|---|---|---|---|---|
| 29/19-20 കാവുംപുറം തെങ്ങിൻകുന്ന് റോഡ് ടാറിംഗ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 432000 രൂപ | 4320 രൂപ |
| 46/19-20 തലയാട് കാവുംപുറം ബൈപാസ് റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 315779 രൂപ | 3158 രൂപ |
| 50/19-20 എഴുകണ്ടി പൂവത്തുംചോല റോഡ് | ബിജു.എം | 03.08.19 | 17.08.19 | 22.08.19 299502 രൂപ | 2995 രൂപ |
| 53/19-20 കുളങ്ങരക്കണ്ടി വാങ്ങോളി ത്താഴെ റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 274379 രൂപ | 2744 രൂപ |
| 54/19-20 രാമത്ത് ചെറാട്ട് അങ്കണവാടി പനങ്ങാട് സൗത്ത് സ്കൂള് റോഡ് | വിജേഷ്.എം | 03.08.19 | 17.08.19 | 22.08.19 273935 രൂപ | 2739 രൂപ |
| 60/19-20 | ബിജു.എം | 03.08.19 | 17.08.19 | 22.08.19 | 3658 രൂപ |

| | | | | | |
|---|---|---|---|---|---|
| അടിവാരം പുത്തലത്ത് റോഡ് | | | | 365858 രൂപ | |
| ആകെ | | | | | 19,614 രൂപ |

മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതേയും പിഴ ഈടാക്കാതേയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ അന്വേഷണക്കുറിപ്പ് നം.12/12.08.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 09.08.2021, 10.08.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,15,000 | സംയോജിത നെൽകൃഷി വികസനം-കൂലിചെലവ് | 2,15,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 18,17,500 | ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ജനറൽ | 18,17,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,40,000 | പട്ടികവർഗ്ഗ ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണം | 2,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,60,000 | ലൈഫ് ഭവനപദ്ധതി എസ്.സി | 1,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,00,000 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് എസ്.സി | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,50,000 | ശാരീരിക മാനസിക വെല്ലുവിളികൾ | 4,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,00,000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,61,478 | വനിതാക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 4,61,478 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,58,000 | സംയോജിത നെൽകൃഷി വികസനം-കൂലിചെലവ് | 2,58,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 42,500 | പച്ചക്കറി കൃഷിക്ക് കൂലിചെലവ്സബ്സിഡി | 42,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,65,000 | ക്ഷീരഗ്രാമം-വനിത | 1,65,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 6,00,000 | ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ജനറൽ | 6,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 11,00,000 | പട്ടികവർഗ്ഗ ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണം | 11,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,00,000 | ലൈഫ് ഭവനപദ്ധതി എസ്.സി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4,50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 4,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,00,000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 1,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. നം 533/2010/ ത.സ്വഭവ | 1,74,02,500 | 25,97,800 | 7,50,000 | - | 18,47,800 |

| | | | | | | |
|---|---|---|---|---|---|---|
| | തിയതി 18-02-2010 | | | | | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 2278/2018/ ത.സ്വ ഭ വ തിയതി 18-08-2018 | 1,51,67,701 | 1,51,67,701 | 13,38,236 | - | 1,38,29,465 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,53,812 |
| തൻവർഷം നിക്ഷേപിച്ച തുക | 30,074 |
| ആകെ | 3,83,886 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,83,886 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | പനങ്ങാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 30.03.2020 | 12 മാസം | 3,83,886 |
| ആകെ | | | | 3,83,886 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,242 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2(4) | 2,242 | റൈഹാനത്ത് | 119040100597 തീയതി 24.05.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999- | | 2001-02 | 11.7.പേജ് 76 | വയലട | 2006-08(11) |

| | | | | | |
|---|---|---|---|---|---|
| 00 | | | | പ്രാഥമികാരോഗ്യ കേന്ദ്രം- പാഴ്ചെലവ് | വ 153 നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2001-02 | | 2002-03 | 11(3),പേജ് 114,115 | ഓട്ടമേയൽ ധനസഹായം | 2011-14(12) വ.71 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.4,പേജ് 118 | നളന്ദ ഹെറിറ്റേജ് മ്യൂസിയം | |
| 2003-04 | 3-2 | 2006-07 പൊതു പരാമർശം) | 3.79.12.4.പേജ് 109 | കാർഷികോപകരണ വിതരണം | |
| 2015-16 | 3-5 | 2016-17 | 6B പേജ് 93 | ആശ്രയ ധനവിനിയോഗം സാധ്യമാകാത്തത് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, പേജ് 188 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5, പേജ് 211 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,07,26,624 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,05,59,648 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,879 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,30,802 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 500 | | ശ്രീ.അബ്ദുറഹീം.കെ, സെക്രട്ടറി |
| 2-1 | 3150 | | ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-1 | | 6,265 | ശ്രീ.ശിവപ്രസാദ്.കെ, അസി.എഞ്ചിനിയർ |
| 3-2 | | 19,614 | ശ്രീ.ശിവപ്രസാദ്.കെ, അസി.എഞ്ചിനിയർ |
| ആകെ | 3,650 | 25,879 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 46,851 | ശ്രീ.അബ്ദുറഹീം.കെ, സെക്രട്ടറി |
| 1-28 | 1,13,133 | ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി, സെക്രട്ടറി |
| 1-29 | 4,70,818 | ശ്രീമതി.സിന്ധു, വി.ഇ.ഒ |
| ആകെ | 6,30,802 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുറഹീം.കെ, സെക്രട്ടറി | സെക്രട്ടറി, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | മസ്കാൻ ഹൗസ്, പുന്നശ്ശേരി(പി.ഒ), കോഴിക്കോട്-673585 |
| ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി, സെക്രട്ടറി | സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത് | കല്ലുകണ്ടി വീട്, നൻമണ്ട (പി. ഒ), കോഴിക്കോട് |
| ശ്രീ.ശിവപ്രസാദ്.കെ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പനങ്ങാട് ഗ്രാമപഞ്ചായത്ത് | ശിവാനി, വട്ടോളി ബസാർ, കോഴിക്കോട് |
| ശ്രീമതി.സിന്ധു, | വി.ഇ.ഒ, | ശ്രീപാദം, |

| | | |
|---|---|---|
| വി.ഇ.ഒ | കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | വടക്കെകേളോത്ത്, ഉണ്ണികുളം (പി. ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 | 14,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 | 37, 38(2) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 | 2-8, 21 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 5 | 22, 23, 24, 25, 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/1104/09(4) തീയതി. 02/06/2011 | 14 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/140/09 | 13 | 1-A, B, C, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1, 4-2, 4-3, 4-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി10/353/11 തീയതി. 11/02/2011,31/03/2011 | 15 | 1A, 1B, 1C, 1D, 1E, 2-1, 2-2, 3-1, 3-2 {1,2,3}, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി10/460/11 തീയതി 27/04/2011 | 34 | 1A,1B,2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5 (A,B), 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16,3-17, 4-3, 4-4, 4-5, 4-6, 4,7 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി10/608/12(1) തീയതി 25.04.2012 | | 54 ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10/1403/12 തീയതി. 30/07/2012 | | എല്ലാ ഖണ്ഡികകളും നില നിൽക്കുന്നു |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി10/1166/14 തീയതി. 05/09/2013 | | 1-1, 1-3, 1-6, 1-7, ഭാഗം2 (ഖണ്ഡിക 2-3, 2-6(2) എന്നിവ ഒഴികെ,) ഭാഗം 3, 4-2, 4-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി10/776/13(1) തീയതി. 18/07/2013 | 21 | 1-1, 1-6, 2-3(1), 2-4, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8(A), 3-10, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, 4-3, 4-7 |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി.പി10/1038/14 തീയതി. 04/07/2014 | 16 | 2-1(1,2,3,4), 2-2 (1,2,3), 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-11 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8/250/20 തീയതി. 26/05/2020 | 10 | 3-3, 3-4, 3-7 (1,5,6), 3-8, 3-10 (2), 3-11( 3, 5, 6), 3-15, 3-16, 3-17, 4-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി8/20/20 തീയതി. | 7 | 3-2, 3-5, 3-9, 3-10, 3-15, 3-18, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി10/1820/2017 തീയതി 08/03/2018 | 21 | 2-1, 2-2, 2-3, 2-4 (1) (2) (3), 2-5 (1) (2) (3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി10/913/2019 തീയതി 02/12/2019 | 18 | 1-12 (3), 2-1, 2-2, 2-3, 3-1 (4), 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-16, 3-17, 3-18, 3-20 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/1128/20 | 9 | 1-7(2,4,5,6), 1-9, |

| | | | |
|---|---|---|---|
| | തീയതി. 07/12/2020 | | 1-10, 1-11, 1-15, 1-16, 1-17, 1-18, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്